പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 66 28/9/2016 ൽ മറുപടിക്ക്

## പശുക്കൾക്ക് മാൾട്ടാപ്പനി

**ചോദ്യം**

ശ്രീ. കെ.സി.ജോസഫ്
ശ്രീ. അനിൽ അക്കര
ശ്രീ. റോജി.എം.ജോൺ
ശ്രീ. അൻവർ സാദത്ത്:

**മറുപടി**

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പശുക്കൾക്ക് മാൾട്ടാപ്പനി ബാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | മാൾട്ടാപ്പനി സംസ്ഥാനത്ത് കാലാകാലങ്ങളിൽ ഒറ്റപ്പെട്ട സംഭവങ്ങളായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണകേന്ദ്രത്തിലെ കാലികളിൽ മാൾട്ടാപനി സ്ഥിരീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ രോഗനിർണ്ണയ ലബോറട്ടറികളിൽ ഇതിന്റെ പരിശോധന നടത്തുകയും രോഗം ബാധിച്ച ഉരുക്കളെ ശാസ്ത്രീയമായ രീതിയിൽ ഒഴിവാക്കുവാനും നിർദ്ദേശം നൽകി വരുന്നുണ്ട്. |
| ബി) | ഇത്തരം പനി ബാധിച്ച പശുക്കളെ കൊല്ലുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | ബി) | "The Prevention & Control of Infectious and Contagious Disease in Animals Act, 2009" പ്രകാരം 'ബ്രൂസിലോസിസ്' അഥവാ മാൾട്ടാപ്പനി പട്ടികയിൽ ഉൾപ്പെടുത്തിയ രോഗമാണ്. മേൽ ആക്ടിലെ ചാപ്റ്റർ IV, സെക്ഷൻ 25 പ്രകാരം മനുഷ്യരിലേക്ക് പകരാവുന്ന ജന്തുജന്യരോഗങ്ങൾ ബാധിച്ച ഉരുക്കളെ വെറ്ററിനറി ഓഫീസർക്ക് യുക്തമെന്ന് ബോധ്യപ്പെടുന്ന പക്ഷം ദയാവധം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| സി) | എങ്കിൽ അവയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും മാൾട്ടാപ്പനി മറ്റു പശുക്കളിലേക്ക് പകരാതിരിക്കാനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | സി) | രോഗം ബാധിച്ച ഉരുക്കളെ മറ്റുള്ളവയിൽനിന്നും പ്രത്യേകമായി മാറ്റിപ്പാർപ്പിക്കുന്നതിനും ചികിത്സ ഫലപ്രദമല്ലാത്തതിനാൽ ദയാവധം നടത്തി ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം നടപടികൾ കൈക്കൊണ്ടുകഴിഞ്ഞു. ജീവനക്കാർക്ക് വേണ്ട ബോധവൽക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ